(എഫ്) 169 സംഘങ്ങൾ.

(ജി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(എച്ച്) ഉണ്ട്.

മൃഗഡോക്ടർമാരുടെ ഒഴിവുകൾ

79 [1197] ശ്രീ. സി. മോയിൻകുട്ടി :

,, നാലകത്ത് സൂപ്പി :

,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മൃഗസംരക്ഷണവകുപ്പിൽ മൃഗഡോക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഇവയിൽ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ഇനിയും എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട് ;

(ഡി) ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണം എന്താണ് ;

(ഇ) ഇവരുടെ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 170 ഒഴിവുകൾ ഉണ്ട്.

(ബി) എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി, ഡി ആന്റ് ഇ) ബാധകമല്ല.

പ്രതിരോധ കുത്തിവെയ്പിനാൽ ക്ഷീരോൽപാദനം കുറയുന്നത്

80 [1199] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :

,, ടി. കെ. ദേവകുമാർ :

,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പിന് വിധേയമാകുന്ന കന്നുകാലികളിൽ പാലുൽപാദനം കുറയുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗോരക്ഷാ പദ്ധതിയുടെ പാർശ്വഫലങ്ങളുടെ ഫലമായി എത്ര പശുക്കൾ വിവധ ജില്ലകളിൽ ചത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പിന്റെ ഫലമായി മൃഗങ്ങൾക്ക് രോഗപ്രതിരോധശേഷി കൈവന്നിട്ടുണ്ടോയെന്ന് അറിയാനുള്ള 'സിറം' പരിശോധന നടത്താറുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇങ്ങനെയുള്ള ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി അന്വേഷണം നടത്തിയിട്ടുമുണ്ട്. കുത്തിവെയ്പിനെത്തുടർന്ന് ഒന്നോ രണ്ടോ ദിവസം പാലുൽപാദനത്തിൽ കുറവുണ്ടായ ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അതിന് ശേഷം പാലുൽപാദനം പൂർവ്വസ്ഥിതിയിലായിട്ടുണ്ടെന്നും ആണ് സമിതിയുടെ റിപ്പോർട്ട്.

(സി) 11 (പതിനൊന്ന്) പശുക്കൾ.

(ഡി) സിറം പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. പാലോട് വെറ്ററിനറി ആന്റ് ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലാണ് പരിശോധന നടത്തുന്നത്.

പീഡിത കയർ-വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള പദ്ധതികൾ

81 [1200] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പീഡിത കയർ വ്യവസായ സഹകരണ സംഘങ്ങളായി തിട്ടപ്പെടുത്തിയിട്ടുള്ളവ എത്രയാണ് ;

(ബി) ഈ സംഘങ്ങളെ സഹായിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

(സി) ഈ സർക്കാർ പ്രതിവർഷം എത്ര രൂപയാണ് പീഡിത കയർ-വ്യവസായ സഹകരണ സംഘങ്ങൾക്കായി ചെലവിട്ടത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ 21 എണ്ണം മാത്രമേ ലാഭത്തിൽ പ്രവർത്തിക്കുന്നുള്ളു. അർഹമായ എല്ലാ പീഡിത കയർ-വ്യവസായ സഹകരണസംഘങ്ങളേയും പുനരുദ്ധരിക്കുന്നതിന് സിക്ക് യൂണിറ്റ് റിവൈവൽ സ്കീം അനുസരിച്ച് 502 കയർ സഹകരണ സംഘങ്ങൾക്ക് സഹായധനം നൽകിയിട്ടുണ്ട്. സിക്ക് യൂണിറ്റ് റിവൈവൽ സ്കീമിനു പുറമേ ഗവർണ്ണറുടെ ബഡ്ജറ്റ് പ്രസംഗത്തിൽ കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പ്രത്യേക പാക്കേജ് പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly